ഉപജില്ല അദാലത്ത് സമിതിയുടെ ഒരു യോഗം 23.12.24 തീയ്യതി പകൽ 11 മണിക്ക് ചേർന്നു. പ്രസ്തുത യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.

<u>ഹാജർ</u>

1. സതീശൻ കെ വി ഐവിഒ & കൺവീനർ
2. ബിജു പി വി AEE, പയ്യന്നൂർ ബ്ലോക്ക പഞ്ചായത്ത്
3. നിധിൻ കുമാർ എസ്, ഡെപ്യൂട്ടി ടൌൺ പ്ലാനർ (ഓൺലൈൻ)

തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ.

1.സുനിൽകുമാർ പി, എ ഇ , ആന്തൂർ മുൻസിപ്പാലിറ്റി
2.ശ്രീകുമാർ എം വി, എ ഇ , എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
3. സജിനി കെ കെ, ഓവർസീയർ, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
4.റീന പി , സീനിയർ ക്ലാർക്ക്, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
5.നിഷ കെ പി, ജൂനിയർ സൂപ്രണ്ട്, ചെറുതാഴം ഗ്രാമപഞ്ചായത്ത്
6.സന്ധ്യ ഐ, സീനിയർ ക്ലാർക്ക്, ചെറുതാഴം ഗ്രാമപഞ്ചായത്ത്
7.ലജിന വി, സീനിയർ ക്ലാർക്ക്. ഏഴോം ഗ്രാമപഞ്ചായത്ത്

പരാതിക്കാർ/പ്രതിനിധികൾ

1.കാർത്തികേയൻ
2.പി തമ്പാൻ
3.പത്മനാഭൻ
4.പ്രകാശൻ
5.ഭരതൻ
6.രത്നാകരൻ കെ

**അജണ്ട 1.**
ആന്തൂർ നഗരസഭക്കെതിരെ ശ്രീമതി. ശ്രീലത കാർത്തികേയൻ നൽകിയ പരാതി.
<u>പരാതിയുടെ ഉള്ളടക്കം.</u>
ആന്തൂർ നഗരസഭയിലെ 28 ാം വാർഡിൽ 13-01-14 ലെ 648/13-14 നമ്പർ പെർമിറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുകയും കെട്ടിട നമ്പറിനായി മുൻസിപ്പാലിറ്റിയിൽ അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളതാണ്. മുൻസിപ്പാലിറ്റി ആവശ്യപ്പെട്ട പ്രകാരം നിരവധി തവണ പ്ലാൻ തിരുത്തി നൽകിയെങ്കിലും കെട്ടിട നമ്പർ അനുവദിച്ചു കിട്ടിയില്ല എന്നതാണ് പരാതി. മുൻസിപ്പാലിറ്റിയിലെ ഫയലുകൾ പരിശോധിച്ചതിന്റേയും പരാതിക്കാരിയെ കേട്ടതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ പരാതിക്കാരിയുടെ വീടിന് സമീപത്തുകൂടി കടന്നുപോകുന്ന 6 മീറ്റർ വീതിയുള്ള റോഡിൽനിന്നും വീടിന്റെ ഒരു ഭാഗത്തേക്ക് 2.4 മീറ്റർ മാത്രമാണ് ലഭ്യമാവുന്നത്.

**തീരുമാനം.**

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 383 എ) പ്രകാരം റോഡ് അതിരും കെട്ടിടവും തമ്മിൽ ആവശ്യമായ അകലം ലഭ്യമല്ല. കെട്ടിട നിർമ്മാണം 2019 നവംബർ 7 ാം തീയ്യതിക്ക് മുമ്പ് പൂർത്തീകരിച്ചതിനാൽ 2024 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറി മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 2.**

സെക്രട്ടറി, എരമം-കുറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് എരമം-കുറ്റൂർ ഗ്രാമപഞ്ചാത്തിനെതിരെ നൽകിയ പരാതി.

<u>പരാതിയുടെ ഉള്ളടക്കം.</u>

എരമം-കുറ്റൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിൽ ബ്രാഞ്ചിന് വേണ്ടി ഒരു പുതിയ കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്ത് പണി പൂർത്തിയാത്തിയിട്ടുണ്ടെന്നും കെട്ടിടവും റോഡും തമ്മിലുള്ള ദൂരപരിധി പാലിക്കുന്നതിൽ 40 സെ.മീ കുറവ് കുറവി വന്നിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ച മറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചുട്ടുണ്ടെന്നും ആയതിനാൽ കെട്ടിട നമ്പർ അനുവദിക്കണമെന്നുമാണ് പരാതിക്കാരന്റെ ആവശ്യം.

പരാതിക്കാരനെ കേട്ടതിലും എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിലും പ്രകാരം എരമം വില്ലേജിലെ റീസർവ്വെ നമ്പർ 106/5, 106/111 ൽ പെട്ട സ്ഥലത്ത് 284.73 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്നും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ 10-06-2024 ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 308.49 ച. മീ വിസ്തീർണ്ണമുണ്ട്. കൂടാതെ PWD റോഡിൽനിന്നും കുറഞ്ഞത് 3 മീറ്റർ അകലം ലഭ്യമല്ല തുടങ്ങി 9 അപാകതകൾ സെക്രട്ടറി അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ അപാകത പരിഹരിച്ച് അപേക്ഷ പുനസമർപ്പിച്ചിട്ടില്ലാത്തതാണ്. ആയവയിൽ 2019 ലെ കെപിബിആർ ചട്ടം 23 പ്രകാരം കെട്ടിടത്തിന് റോഡിൽ നിന്നും 3 മീറ്റർ അകലം ലഭ്യമല്ല,സെപ്റ്റിക് ടാങ്കിന് PWD റോഡിൽ നിന്നും 3 മീറ്റർ അകലം ലഭ്യമല്ല എന്നിവ ഒഴികെ മറ്റ് അപാകതകൾ പ്ലാൻ തയ്യാറാക്കിയതിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിലും സംഭവിച്ചതാണെന്ന് കാണുന്നു.

**തീരുമാനം.**

പൂർത്തീകരിക്കാൻ ബാക്കിയുള്ള നർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചും പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനും അപേക്ഷകനോട് നിർദ്ദേശിച്ചു. കൂടാതെ PWD റോഡിൽ നിന്നും2019 ലെ കെപിബിആർ ചട്ടം 23 പാലിക്കുന്നവിധത്തിൽ സെപ്റ്റിക്ക് ടാങ്കിനും കെട്ടിടഭാഗത്തിനും മാറ്റങ്ങൾ വരുത്തി അപേക്ഷ പുനർസമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.